

TUESDAY 19-07-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/07/2022.

1. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് കൃഷിഭവനുകളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് അവസരമൊരുക്കുന്നു. വി.എച്ച്.എസി (അഗ്രി) പൂർത്തിയാക്കിയവർക്കും, അഗ്രികൾച്ചർ/ഓർഗാനിക്ക് ഫാമിംഗ് എന്നിവയിൽ ഡിപ്ലോമ പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാം. അപേക്ഷകർ 01-08-2022 ന് 18-നും 41-നും ഇടയിൽ പ്രായപരിധിയി ഉള്ളവരായിരിക്കണം. നാളെ (20/07/2022) വരെ www.keralaagriculture.gov.in എന്ന പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷിക്കാം. ഈ മാസം 25 മുതൽ 29 വരെ (25/07/2022 മുതൽ 29/07/2022 വരെ) ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിൽ വച്ച് ഇന്റർവ്യൂ നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് അതാതുകൃഷി ഭവനുമായി ബന്ധപ്പെടുക.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം ഓഫീസിൽ വീഡിയോ എഡിറ്റർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിലേക്ക് ഈ മാസം 21-ന് (ജൂലൈ 21) വാക്-ഇൻ-ഇൻറർവ്യൂ നടത്തുന്നു. ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ബിരുദം അല്ലെങ്കിൽ 3 വർഷത്തെ ഡിപ്ലോമയും അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള വീഡിയോ എഡിറ്റിംഗ് ഡിപ്ലോമ പാസായ സർട്ടിഫിക്കറ്റും വീഡിയോ എഡിറ്റിംഗിൽ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും ഉള്ളവർക്ക് പങ്കെടുക്കാവുന്നതാണ്. സർട്ടിഫിക്കറ്റ് പരിശോധനയുടെയും പ്രായോഗിക പരീക്ഷയുടെയും അടിസ്ഥാനത്തിൽ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്നവരെയാണ് ഇൻറർവ്യൂവിന് പരിഗണിക്കുക. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ **0471-2318186** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ചിപ്പിക്കൂൺ വിത്ത് വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പായ്ക്കറ്റിന് 45 രൂപയാണ് വില. ആവശ്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

4. പന്നികളെ ബാധിയ്ക്കുന്ന മാരകവും അതിസാംക്രമികവുമായ ഒരു വൈറസ് രോഗമായ ആഫ്രിക്കൻ സ്വൈൻ ഫീവറിനെതിരെയുള്ള മുൻകരുതൽ നടപടി എന്ന നിലയിൽ കേരളത്തിലേയ്ക്കും, കേരളത്തിൽ നിന്ന് പുറത്തേയ്ക്കും പന്നികൾ, പന്നി മാംസം, പന്നി മാംസ ഉത്പന്നങ്ങൾ, പന്നികളുടെ കാഷ്ഠം എന്നിവ റോഡ്/റെയിൽ/വ്യോമ/കടൽ മാർഗ്ഗങ്ങൾ മുഖാന്തിരമോ കൊണ്ടുപോകുന്നതും കൊണ്ടുവരുന്നതും 14.07.2022 മുതൽ ഒരു മാസത്തേയ്ക്ക് നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരിക്കുന്നു. 2009 ലെ ദി പ്രിവൻഷൻ ആൻഡ് കൺട്രോൾ ഓഫ് ഇൻഫെക്ഷിയസ് ആൻഡ് കൺടേജിയസ് ഡിസീസസ് ഇൻ അനിമൽസ് ആക്ട് സെക്ഷൻ 6(1), 10(1) പ്രകാരമാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ സംസ്ഥാനത്തെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ചെക്ക്പോസ്റ്റുകളിലും ഇതു സംബന്ധിച്ച് കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും നല്കിയിട്ടുണ്ടെന്നും മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ അറിയിക്കുന്നു. സംസ്ഥാനത്ത് ആഫ്രിക്കൻ സ്വൈൻ ഫീവർ രോഗം പടർന്നുപിടിക്കാതിരിക്കാനും അതോടൊപ്പം തന്നെ സംസ്ഥാനത്തെ പന്നികളെ സംരക്ഷിയ്ക്കുന്നതിനും വേണ്ടിയാണ് ഇത്തരത്തിലൊരു നടപടി താത്കാലികമായി സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തിനകത്ത് ആഫ്രിക്കൻ സ്വൈൻ ഫീവർ രോഗം ബാധിയ്ക്കാത്ത സാഹചര്യത്തിൽ പന്നികൾ, പന്നി മാംസം, പന്നി മാംസ ഉത്പന്നങ്ങൾ, പന്നികളുടെ കാഷ്ഠം എന്നിവ സംസ്ഥാനത്തിനുള്ളിൽ കൊണ്ടുപോകുന്നതിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുമില്ല.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

6. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ സീഡ് സ്റ്റോർ നവീകരണം നടത്തിയ സമയത്തെ മാറ്റപ്പെട്ട തറയിൽ പാകിയിരുന്ന തടികൊണ്ടുള്ള പാനലിംഗുകൾ നാളെ (ജൂലൈ 20) പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 11 -ന് രാവിലെ 10.30 നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവർത്തി ദിവസങ്ങളിലും ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ 23-നും 35-നും ഇടയ്ക്ക് പ്രായപരിധിയുള്ള ബി.വി.എസ്.സിയോ എം.വി.എസ്.സിയോ വിദ്യാഭ്യാസ യോഗ്യതയുള്ള വെറ്ററിനറി ഡോക്ടർമാരെ ഒരു വർഷ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. വിശദമായ ബയോഡേറ്റ ഈ മാസം 30-ന് (ജൂലൈ 30) 5.00 മണിക്ക് മുമ്പായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ), ടിസി 30/697, പേട്ട, തിരുവനന്തപുരം - 695024 എന്ന മേൽവിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446364116** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം കണ്ണൂർ കക്കാട് റോഡിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് മാറ്റിയതായി പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0479-2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

10. കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തു**ന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സറ്റൻഷൻ സർവ്വീസ് ഫോർ ഇൻപുട്ട് ഡീലേഴ്സ്** എന്ന കോഴ്സിലേയ്ക്ക് തിരുവനന്തപുരം ജില്ലയിൽ അപേക്ഷ ക്ഷണിയ്ക്കുന്നു. കൃഷി ഓഫീസറുടെ ശുപാർശ പ്രകാരം ഈ മാസം 30 ന് മുമ്പായി തിരുവനന്തപുരം കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ പ്രവർത്തിയ്ക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷകൾ നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു.

11. റബ്ബറിന് വളമിടുന്നതിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. നാളെ (**ജൂലൈ 20) ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട്** 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

12. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന 'ബ്രെയിൻ ഗൈൻ ' പദ്ധതിയുടെ ഭാഗമായി **'ചെഡാർ ' 'റിക്കോട്ട '** ഇനത്തിലുള്ള ചീസുകളുടെ നിർമ്മാണ പരിശീലന പരിപാടി ഈ മാസം 22,23 (ജൂലൈ 22 മുതൽ 23 വരെ) തീയതികളിൽ മണ്ണുത്തി വർഗ്ഗീസ് കുരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജിയിൽ നടത്തുന്നു. പരിശീലന പരിപാടി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 2000/- രൂപ. രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയതി ഈ മാസം 21 ആണ് (21.07.2022). കൂടുതൽ വിവരങ്ങൾക്ക് **9744975460, 9895245661, 9446064366** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

13. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 21-ന് (ജൂലൈ 21) രാവിലെ 10 മണി മുതൽ 4 മണി വരെ **ആട് വളർത്തൽ** വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

14. മൂടി കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. അതിനാൽ ഒരു ഏക്കർ പാടശേഖരത്തിന് **2 സിസി ട്രൈക്കൊഗ്രമ്മ കാർഡ്** വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി സ്ഥാപിക്കുക. ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണുകയാണെങ്കിൽ 2.5 മില്ലി **ഫ്ളൂബെൻഡയാമിഡ്** 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി **ക്ലോറാൻട്രനിലിപ്രോൾ** 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.